LIBRARY ARCHIVES Kerala Legislative Assembly

ചെങ്കുളം ആഗ്മെന്റേഷൻ സ്കീം

204 [1146] *പ്രൊഫ. കെ. വി. തോമസ്:*
ശ്രീ. കെ. എ. ചന്ദ്രൻ:
" കെ. മുഹമ്മദാലി:
" ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്കുളം ആഗ്മെന്റേഷൻ സ്കീമിന് കേന്ദ്രാനുമതി ലഭിച്ചതെന്നാണ്; പ്രസ്തുത പദ്ധതിക്കാവശ്യമായ വനഭൂമി നൽകാൻ കേന്ദ്രം സമ്മതിച്ചുവോ;

(ബി) ഈ പദ്ധതിക്കുവേണ്ടി എന്തെല്ലാം പണികളാണ് നടത്തേണ്ടത്; അതിൽ ഇതുവരെ എന്തെല്ലാം പണി നടത്തിയിട്ടുണ്ട്;

(സി) ഒരു പണിയും നടത്താത്തപക്ഷം അതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പദ്ധതിയുടെ അടങ്കൽ തുക 100 കോടി രൂപയിൽ താഴെയായതിനാൽ പദ്ധതി നിർമ്മാണത്തിന് കേന്ദ്രാനുമതി ആവശ്യമില്ല. വനഭൂമി വിട്ടുകിട്ടുന്നതിനുള്ള കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) 12 മീറ്റർ പൊക്കവും 38 മീറ്റർ നീളവുമുള്ള ഒരു ഡൈവേർഷൻ വിയർ, 6782 മീറ്റർ നീളമുള്ള ഒരു ടണൽ 145 മീറ്റർ നീളമുള്ള ഒരു ചാനൽ എന്നിവയാണ് നിർമ്മിക്കാനുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പദ്ധതിയുടെ ടണലിന്റെ സ്ഥാനം (അലൈൻമെന്റ്) ജിയോളജിക്കൽ പഠനം നടത്തി പുനർനിശ്ചയിക്കേണ്ടി വന്നതുകൊണ്ടാണ് പണികൾ ആരംഭിക്കുവാൻ വൈകുന്നത്.

വൈദ്യുതി ബോർഡിലെ നിയമനങ്ങൾ

205 [1147] *ശ്രീ. പി. കെ. അബ്ദുറബ്ബ്:*
" കളത്തിൽ അബ്ദുള്ള:
" സി. മോയിൻ കുട്ടി:
" ഇസ്ഹാക് കുരിക്കൾ:
" ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: